# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1427 — 13.6.2014-ൽ മറുപടിക്ക്

### കൊച്ചിൻ കോർപ്പറേഷനിലെ മാലിന്യസംസ്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. അജിത് | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | കൊച്ചിൻ കോർപ്പറേഷനിലെ മാലിന്യനീക്കത്തിനായി 'ജൻറം' പദ്ധതി പ്രകാരം എത്ര ഓട്ടോ റിക്ഷകളാണ് വാങ്ങിയതെന്ന് വെളിപ്പെടുത്തുമോ; | എ) | 30 ഓട്ടോറിക്ഷകളാണ് വാങ്ങിയത്. |
| ബി) | ഓട്ടോറിക്ഷകൾ വാങ്ങുന്നതിനായി എന്തു തുക ചെലവഴിച്ചു എന്ന് വ്യക്ത മാക്കുമോ; | ബി) | 4539810 രൂപ ചെലവഴിച്ചു. |
| സി) | ഓരോ ഓട്ടോറിക്ഷയിലേക്കും എത്ര ജീവനക്കാരെവീതം നിയോഗിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ; | സി) | മാലിന്യനീക്കത്തിനായി വാങ്ങിയ ഓട്ടോറിക്ഷകളിലേക്ക് നഗരസഭ ജീവനക്കാരെ നിയോഗിച്ചിട്ടില്ല. വാർഡ് കൗൺസിലർ ചെയർമാനും ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർ കൺവീനറു മായുള്ള വാർഡ് കമ്മിറ്റി നിയോഗിച്ചിട്ടുള്ള കുടുംബശ്രീ, റസിഡന്റ്സ് അസോസിയേ ഷൻ അംഗങ്ങളാണ് ടി വാഹനം ഓടിച്ചു വരുന്നത്. |
| ഡി) | മാലിന്യനീക്കത്തിനായി വാങ്ങിയ എല്ലാ ഓട്ടോറിക്ഷകളും ഇപ്പോഴും ഉപ യോഗിക്കുന്നുണ്ടോ എന്നും ഇല്ലെ ങ്കിൽ കാരണം എന്തെന്നും വ്യക്തമാ ക്കുമോ; | ഡി) | 16 ഓട്ടോറിക്ഷകൾ നിലവിൽ ഉപയോഗിക്കുന്നുണ്ട്. 14 എണ്ണം കേടുപാടുകൾ കാരണം ഉപയോഗിക്കാൻ കഴിയുന്നില്ല. |
| ഇ) | പ്രസ്തുത ഓട്ടോറിക്ഷകൾ എല്ലാം ഇപ്പോഴും കോർപ്പറേഷന്റെ നിയന്ത്രണ ത്തിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തി യിട്ടുണ്ടോ ? | ഇ) | ഉണ്ട്. |

സെക്ഷൻ ഓഫീസർ